**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 344** — **18-07-2022 - ൽ മറുപടിയ്ക്ക്**

**കേരള ബിസിനസ് ടു ബിസിനസ് മീറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.വി. ശ്രീനിജിൻ,<br>ശ്രീ. എം. എം. മണി,<br>ശ്രീ ഡി കെ മുരളി,<br>ശ്രീ. പി.വി.അൻവർ** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ലഘു, ചെറുകിട, ഇടത്തരം സംരംഭങ്ങളുടെ ഉല്പന്നങ്ങൾക്ക് ദേശീയ തലത്തിലും വിദേശത്തും വിപണി സാധ്യത ലഭ്യമാക്കുന്നതിനായി പ്രത്യേകമായ കേരള ബിസിനസ് ടു ബിസിനസ് മീറ്റ് സംഘടിപ്പിച്ചിട്ടുണ്ടോ; മറ്റ് എന്തൊക്കെ നേട്ടങ്ങളാണ് പ്രസ്തുത മേളയിലൂടെ ലക്ഷ്യമിട്ടത്; വിശദമാക്കാമോ; | (എ) | ഉണ്ട്. കേരളത്തിലെ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് (എം.എസ്.എം.ഇ) ദേശീയ തലത്തിൽ പുതിയ വിപണി കണ്ടെത്തുന്നതിനും ദേശീയ തലത്തിലുള്ള ബയർമാരുമായി മുഖാമുഖം വ്യാപാര ചർച്ചകൾ നടത്തുന്നതിനുള്ള അവസരം നൽകുന്നതിനും ലക്ഷ്യമിട്ട് ബിസിനസ്സ് മീറ്റായ 'വ്യാപാർ 2022' ഈ വർഷം ജൂൺ മാസത്തിൽ സംഘടിപ്പിച്ചു. കേരളത്തിലെ വിവിധ ജില്ലകളിൽ നിന്നും ഭക്ഷ്യ സംസ്കരണം, കൈത്തറി, ടെക്സ്റ്റൈൽസ് & ഗാർമെന്റ്സ്, റബ്ബർ, ആയുർവേദ & ഹെർബൽ, ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ്, കരകൗശലം, മുള പോലുള്ള പരമ്പരാഗത മേഖല എന്നിവയിൽ നിന്നുള്ള ചെറുകിട ഉത്പാദകർ അവരുടെ ഉൽപ്പന്നങ്ങളും സാങ്കേതികവിദ്യയും ഈ അവസരത്തിൽ പ്രദർശിപ്പിച്ചു. സംസ്ഥാനത്തിന്റെ വ്യവസായിക ഉത്പാദനക്ഷമത പ്രദർശിപ്പിക്കുക, വിപണിയിൽ ബ്രാന്റ് ചെയ്തതും അല്ലാത്തതുമായ സ്ഥാപനങ്ങളെയും ഉത്പന്നങ്ങളെയും അവതരിപ്പിക്കുക, നിലവിലുള്ള വ്യവസായങ്ങളുടെ വളർച്ച ത്വരിതപ്പെടുത്താൻ പ്രോൽസാഹനം നൽകുക, നിക്ഷേപകരിൽ താൽപര്യം ജനിപ്പിക്കുക എന്നിവയാണ് മേളയിലൂടെ ലക്ഷ്യം വയ്ക്കുന്നത്. ഭക്ഷ്യസംസ്കരണം, കൈത്തറി, വസ്ത്രങ്ങളും തുണിത്തരങ്ങളും, റബർ, കയർ, ഉത്പന്നങ്ങൾ, ആയുർവേദവും പച്ചിലമരുന്നുകളും, ഇലക്ട്രിക്കൽ ഇലക്ട്രോണിക്സ്, പരമ്പരാഗത വിഭാഗങ്ങളായ കരകൗശലം, മുള തുടങ്ങിയവയുമായി ബന്ധപ്പെട്ട നിൽക്കുന്ന ഉത്പാദകർക്ക് തങ്ങളുടെ ഉത്പന്നങ്ങളെ ദേശീയ വിപണികളിലേക്ക് ആകർഷിക്കുന്നതിനും വിപണി നേടുന്നതിനും സാധ്യമാകുന്നു. |
| (ബി) | സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും | (ബി) | സംസ്ഥാനത്തെ വിവിധ ജില്ലകളിൽ നിന്നും ഭക്ഷ്യ |

| | | | |
|---|---|---|---|
| | ഏതെല്ലാം മേഖലകളിൽ നിന്നുള്ള സംരംഭകരാണ് പ്രധാനമായും മേളയിൽ പങ്കെടുത്തത്; സംരംഭകർ നടത്തിയ കൂടിക്കാഴ്ചകളിലൂടെ വ്യാപാര, വാണിജ്യ ഇടപാടുകൾ സാധ്യമായിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | | സംസ്കരണം, കൈത്തറി, ടെക്സ്റ്റൈൽസ് & ഗാർമെന്റ്സ്, റബ്ബർ, ആയുർവേദ & ഹെർബൽ, ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ്, കരകൗശലം, മുള പോലുള്ള പരമ്പരാഗത മേഖല എന്നിവയിലെ ഉത്പന്നങ്ങളും, സാങ്കേതിക വിദ്യയും ചെറുകിട ഉത്പാദകർ മേളയിൽ പ്രദർശിപ്പിച്ചു. ഇതിൽ ഏറ്റവുമധികം വ്യാപാര ഇടപാടുകൾ നടന്നത് ഭക്ഷ്യ സംസ്കരണം, ആയുർവേദം, കൈത്തറി, തുണിത്തരങ്ങൾ എന്നീ മേഖലകളിലാണ്.<br><br>വ്യാപാർ 2022 -ലെ 2417 ബി ടു ബി മീറ്റുകളിലൂടെ 105 കോടി രൂപയുടെ വാണിജ്യ ഇടപാടുകൾക്കാണ് അവസരമൊരുങ്ങിയത്. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള 324 സംരംഭകരും 330 മറ്റ് വ്യവസായികളും തമ്മിലുള്ള കൂടിക്കാഴ്ചയ്ക്കും പ്രദർശനമേള വേദിയായി. |
| (സി) | പുതിയ വ്യാപാര സാധ്യതകൾ ശക്തിപ്പെടുത്താൻ പ്രസ്തുത മേളകൾ എത്രത്തോളം സഹായകരമായിട്ടുണ്ട്; വർഷംതോറും ബിസിനസ് മീറ്റുകൾ സംഘടിപ്പിക്കാൻ കഴിയുന്ന തരത്തിൽ സ്ഥിരം എക്സിബിഷൻ കം കൺവൻഷൻ സെന്റർ സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കാമോ? | (സി) | സംസ്ഥാനത്തിന്റെ വ്യവസായിക ഉത്പാദനക്ഷമത പ്രദർശിപ്പിക്കുക, വിപണിയിൽ ബ്രാന്റ് ചെയ്തതും അല്ലാത്തതുമായ സ്ഥാപനങ്ങളെയും ഉത്പന്നങ്ങളെയും അവതരിപ്പിക്കുക, നിലവിലുള്ള വ്യവസായങ്ങളുടെ വളർച്ച ത്വരിതപ്പെടുത്താൻ പ്രോൽസാഹനം നൽകുക, നിക്ഷേപകരിൽ താൽപര്യം ജനിപ്പിക്കുക എന്നിവയാണ് മേളയിലൂടെ ലക്ഷ്യം വയ്ക്കുന്നത്.<br><br>കൊച്ചിയിൽ ഇൻഫോപാർക്കിന് സമീപം 10 ഏക്കർ ഭൂമിയിൽ 90 കോടി രൂപ ചെലവിൽ 65000 ചതുരശ്ര അടി വരുന്ന എക്സിബിഷൻ ഹാളും അറുനൂറിലധികം ആളുകൾക്ക് ഇരിക്കാൻ കഴിയുന്ന കൺവെൻഷൻ ഹാളും മുന്നൂറോളം ആളുകളെ ഉൾക്കൊള്ളുന്ന ഡൈനിങ്ങ് ഹാളും മറ്റ് സൗകര്യങ്ങളുമുള്ള അന്താരാഷ്ട്ര എക്സിബിഷൻ കം കൺവെൻഷൻ സെന്ററിന് 2022 ജൂൺ 23 -ന് തറക്കല്ലിട്ടു. രണ്ട് ഘട്ടങ്ങളിലായി കിൻഫ്ര നടപ്പിലാക്കുന്ന പദ്ധതി ഒന്നര വർഷത്തിനുള്ളിൽ യാഥാർത്ഥ്യമാക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ